
*littlekites*

# ST THOMAS HS ANICKAD



# മുഖമൊഴി

ആധുനികതയിൽ

നിന്ന്അത്യാധുനികതയിലേക്ക് മാറ്റത്തിന്റെ

ചുവട് പിടിച്ച് മുന്നേറുമ്പോഴും സർഗ്ഗ വാസനയുടെ

ചേതന മരവിച്ചു പോയിട്ടില്ല.

ചിന്തകൾക്കും ഭാവനകൾക്കും വർണ്ണ

ച്ചിറകുകൾക്കൊണ്ട് അനന്ത വിഹായസ്സിൽ

പാറിപ്പറക്കാൻ എന്നും സ്വാതന്ത്ര്യ

മുണ്ട്.കുട്ടികളുടെചിന്തകൾക്കൊണ്ട്,

അതോടൊപ്പം ,ഭാവനയും സർഗ്ഗ ചാരുതയും ചേർത്ത്

കൊരുത്തെടുത്ത വർണ്ണച്ചിറകുകൾ കൊണ്ട്

ആകാശത്ത് പറന്നുനടക്കട്ടെ എന്ന് ആശംസിക്കുന്നു.

ഈ മാഗസിൻ തയ്യാറാക്കുന്നതിന് പരിശ്രമിച്ച എല്ലാ

കുട്ടികൾക്കും എല്ലാ  ഭാവുകങ്ങളും ആശംസിക്കുന്നു.

മിനിട്രീസ ജോസഫ്

പ്രഥമാദ്ധ്യാപിക

# ഉള്ളടക്കം

കഥ
കവിത
ജീവചരിത്രക്കുറിപ്പ്
പോസ്റ്ററുകൾ
ലേഖനങ്ങൾ
കാർട്ടൂണുകൾ
ഹിന്ദി പദ്യം

# കാടുണ്ടേ.... കാടുണ്ടിവിടേ....

കാടുണ്ടേ കാടുണ്ടിവിടേ
കാട്ടു നിറയേ മരമുണ്ടേ
കൂടുണ്ടേ കൂടുണ്ടിവിടെ
കൂടുനിറയെ കിളിയുണ്ടേ
കിളിയുണ്ടേ കിളിയുണ്ടിവിടേ
പാട്ടുകൾ പാടണകിളിയുണ്ടേ
പാട്ടുണ്ടേ പാട്ടുണ്ടിവിടേ
തേനുണ്ടേ തേനുണ്ടിവിടേ
തേൻ നുകരണ കൂട്ടരുണ്ടേ
കാടുണ്ടേ കാടുണ്ടിവിടേ
കുളിരു നിറയണ കാടുണ്ടേ

# തുടിതാളം തേടി

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം -
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)


# THE RAIN

How beautiful is the rain!
After the dust and heat,
In the broad and fiery street,
In the narrow lane,
How beautiful is the rain!

How it clatters along the roofs
Like the tramps of the hoofs;
How it gushes and struggle out
From the throat of the overflowing spout!

Across the window pane
It pours and pours;
And swift and wide,
with a muddy tide,
Like a river down the gutter roars
The rain,the welcome rain!

# Thunchaththu Ezhuthachan



# Thunchaththu Ezhuthachan

This article is about Malayalam devotional poet. For the Kerala caste, see Ezhuthachan (caste).
Thunchathu Ramanujan Ezhuthachan

A modern (2013) representation of Ezhuthachan by artist R. G. V.
Born 1495
Trikkandiyoor (modern-day Tirur, Malappuram district),, Kerala
Occupations
PoetLinguistTranslator
Era
16th century AD
Known for Adhyatmaramayanam
Movement
Bhakti MovementEzhuthachan MovementKiḷippāṭṭ
Thunchaththu Ramanujan Ezhuthachan (pronunciation , Tuñcattŭ Rāmānujan Eḻuttacchan) (fl. 16th century) was a Malayalam devotional poet, translator and linguist.[1] He was one of the prāchīna kavithrayam (old triad) of Malayalam literature, the other two being Kunchan Nambiar and Cherusseri. He has been called the "Father of Modern Malayalam", the "Father of Modern Malayalam Literature", and the "Primal Poet in Malayalam".[2] He was one of the pioneers of a major shift in Kerala's literary culture (the domesticated religious textuality associated with the Bhakti movement).[3] His work is published and read far more than that of any of his contemporaries or predecessors in Kerala.[4]

He was born in a house called Thunchaththu in present-day Tirur in the Malappuram district of northern Kerala, in a traditional Hindu family.[5][2] Little is known with certainty about his life.[1] His success even in his own lifetime seems to have been great.[5] Later he and his followers shifted to a village near Palakkad, further east into the Kerala, and established a hermitage (the "Ramananda ashrama") and a Brahmin village there.[4] This institution probably housed both Brahmin and Sudra literary students.[1] The school eventually pioneered the "Ezhuthachan movement", associated with the concept of popular Bhakti, in Kerala.[3] Ezhuthachan's ideas have been variously linked by scholars either with philosopher Ramananda, who found the Ramanandi sect, or Ramanuja, the single most influential thinker of devotional Hinduism.[6]

For centuries before Ezhuthachan, Kerala people had been producing literary texts in Malayalam and in the Grantha script.[2] However, he is celebrated as the "Primal Poet" or the "Father of Malayalam Proper" for his Malayalam recomposition of the Sanskrit epic Ramayana.[2][1] This work rapidly circulated around Kerala middle-caste homes as a popular devotional text.[3] It can be said that Ezhuthachan brought the then unknown Sanskrit-Puranic literature to the level of common understanding (domesticated religious textuality).


# POSTER

SAVE PLANTS FROM GLOBAL WARMING



# POSTER

PLANT TREES



# വി.ടി.ഭട്ടതിരിപ്പാട്



# വി.ടി.ഭട്ടതിരിപ്പാട്

## (1896-1982)

വെള്ളിത്തിരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട്.
അങ്കമാലി കിടങ്ങൂരിൽ ജനനം. സാമൂഹിക
പരിഷ്കർത്താവ് , നാടകകൃത്ത് എന്നീ നിലകളിൽ
പ്രസിദ്ധൻ . അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് ,
കണ്ണീരും കിനാവും ,
കർമ്മവിപാകം ,വെടിവട്ടം ,രജനീരംഗം ,സത്യം
എന്നത് ഇവിടെ മനുഷ്യനാകുന്നു, തുടങ്ങിയവയാണ്
പ്രധാന കൃതികൾ .കേരള സാഹിത്യ അക്കാദമി
അവാർഡ് ലഭിച്ചിട്ടുണ്ട്.

# കുമാരനാശാൻ



# കുമാരനാശാൻ

1873 ഏപ്രിൽ 12-ന് ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിലാണ്, കുമാരു (കുമാരനാശാൻ) ജനിച്ചത്. അച്ഛൻ നാരായണൻ പെരുങ്ങാടി, മലയാളത്തിലും തമിഴിലും നിപുണനായിരുന്നു. അദ്ദേഹം ഈഴവസമുദായത്തിലെ ഒരു പ്രമുഖനായിരുന്നു. പ്രധാനതൊഴിൽ കച്ചവടമായിരുന്നെങ്കിലും നാട്ടുകാര്യങ്ങളിലും അദ്ദേഹം ശ്രദ്ധപതിപ്പിക്കുകയും മലയാളത്തിൽ കീർത്തനങ്ങൾ രചിക്കുകയും അവ മനോഹരമായി ആലപിക്കുകയുംചെയ്യുമായിരുന്നു. അമ്മ കാളിയമ്മ, ഈശ്വരഭക്തയായ കുടുംബിനിയായിരുന്നു. പുരാണേതിഹാസങ്ങളിലൊക്കെ അവർക്കു നല്ല അവഗാഹമുണ്ടായിരുന്നു. ചെറുപ്പത്തിൽ വല്ലാത്തകുസൃതിയായിരുന്നു കുമാരു. കുമാരുവിനെ അടക്കിനിറുത്താൻ അമ്മയുടെ പൊടിക്കൈയായിരുന്നു പുരാണകഥപറയൽ. അച്ഛനാലപിക്കുന്ന കീർത്തനങ്ങൾകേട്ട്, കുമാരു ലയിച്ചിരിക്കുമായിരുന്നു. വലുതാകുമ്പോൾ, അച്ഛനെപ്പോലെ താനും കവിതകളെഴുതുമെന്ന്, കൊച്ചുകുമാരു പറയുമായിരുന്നു. ഒമ്പതു മക്കളുള്ള കുടുംബത്തിലെ രണ്ടാമത്തെ മകനായിരുന്നു കുമാരൻ. കുമാരുവിനു കഥകളിയിലും ശാസ്ത്രീയസംഗീതത്തിലുമുള്ള താല്പര്യം, അച്ഛനിൽനിന്നു ലഭിച്ചതാണ്. ബാല്യകാലത്ത്, പലവിധ അസുഖങ്ങൾവന്ന് കുമാരു കിടപ്പിലാകുക പതിവായിരുന്നു. അങ്ങനെയിരിക്കേ, കുമാരന്റെ പതിനെട്ടാമത്തെ വയസ്സിൽ അസുഖംബാധിച്ചു കിടപ്പിലായിരുന്ന അവസരത്തിൽ, കുമാരുവിന്റെ അച്ഛന്റെ ക്ഷണപ്രകാരം, ശ്രീനാരായണഗുരു അവരുടെ വീട്ടിൽവരുകയും കുമാരുവിനെ തന്നോടൊപ്പം കൂട്ടിക്കൊണ്ടുപോകുകയുംചെയ്തു. ഗോവിന്ദനാശാന്റെകീഴിൽ യോഗയും താന്ത്രികവുമഭ്യസിച്ച്, വക്കത്തുള്ള ഒരു മുരുകൻക്ഷേത്രത്തിൽക്കഴിയുമ്പോൾ, കുമാരുവിൽ കവിതയെഴുത്ത് ഒരു കമ്പമായി രൂപപ്പെട്ടിരുന്നു.

# അതിജീവനം



# അതിജീവനം

ഈ കുഞ്ഞുപുല്ലിന്
വേനലിനെ
അതിജീവിക്കാനാകുമോ?
കൊന്നമരമേ,
വെയിലിനെ ഉരുക്കി
സ്വർണമാക്കി
കാതിലണിയുന്ന പണി
അതിനെ പഠിപ്പിക്കണേ
ഉങ്ങുമരമേ,
വേനലിനെ എടുത്ത്
കുളിർത്തൊപ്പിയാക്കി
തലയിൽ വയ്ക്കുന്ന കളി
അതിനെ ശീലിപ്പിക്കണേ....
അല്ലെന്നാൽ
ചെറുതല്ലേ എന്നുവച്ച്
വേനൽ അതിനെ
പച്ചയ്ക്ക് തിന്നുകളയും

- വീരാൻകുട്ടി

# Cycling is a Exercise



Do It Regulariy

# സ്വാതന്ത്ര്യദിന ക്വിസ്

1. ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ട വർഷം -1857ൽ
2. വാസ്കോഡഗാമ ഇന്ത്യയിലെത്തിയ വർഷം -1498
3. ഇന്ത്യയിൽ ഇംഗ്ലീഷുകാരുടെ ഭരണം സ്ഥാപിക്കുന്നതിന് കാരണമായ യുദ്ധം -പ്ലാസി യുദ്ധം (1757ൽ)
4. പ്ലാസി യുദ്ധത്തിൽ വിജയിച്ചതും പരാജയപ്പെട്ടതും ആരെല്ലാം -ബംഗാൾ നവാബ് സിറാജുദ്ദൗലയെ ബ്രിട്ടീഷ് സേനാനി റോബർട്ട് ക്ലൈവ് തോൽപിച്ചു
5. ഇന്ത്യൻ നാഷനൽ കോൺഗ്രസ് സ്ഥാപിതമായ വർഷം -1885ൽ

6. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി ഇന്ത്യയിൽ സ്ഥാപിതമായ വർഷം -1600ൽ
7. ലാൽ-ബാൽ-പാൽ എന്നീ ചുരുക്കപ്പേരുകളിലറിയപ്പെട്ട സ്വാതന്ത്ര്യസമര നേതാക്കൾ -ലാലാ ലജ്പത്റായ്, ബാലഗംഗാധര തിലകൻ, വിപിൻ ചന്ദ്രപാൽ
8. ഇന്ത്യയുടെ വന്ദ്യവയോധികൻ എന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമര നേതാവ് -ദാദാഭായ് നവറോജി
9. ബ്രിട്ടീഷ് ഇന്ത്യയുടെ അവസാന ഗവർണർ ജനറലും ആദ്യത്തെ വൈസ്രോയിയുമായ വ്യക്തി -കാനിങ് പ്രഭു

10. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ലക്ഷ്യത്തോടെ 1905ൽ ബംഗാൾ വിഭജനം നടത്തിയ വൈസ്രോയി -കഴ്സൺ പ്രഭു
11. മൊൺടേഗു-ചെംസ് ഫോർഡ് ഭരണപരിഷ്കാരം നടപ്പാക്കിയ വർഷം -1919ൽ
12. ജാലിയൻ വാലാബാഗിൽ വെടിവെപ്പിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥന്റെ പേര് -ജനറൽ റജിനാൾഡ് ഡയർ (1919 ഏപ്രിൽ 13നായിരുന്നു ജാലിയൻ വാലാബാഗ് കൂട്ടക്കൊല)
13. മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽവെച്ച് പ്രസിദ്ധീകരിച്ചിരുന്ന പത്രം -ഇന്ത്യൻ ഒപീനിയൻ

14. ദക്ഷിണാഫ്രിക്കൻ ജീവിതം മതിയാക്കി മഹാത്മാഗാന്ധി ഇന്ത്യയിലെത്തിയ വർഷം -1915 ജനുവരി 9
15. മഹാത്മാഗാന്ധിയുടെ രാഷ്ട്രീയഗുരു -ഗോപാലകൃഷ്ണ ഗോഖലെ
16. മഹാത്മാഗാന്ധിയുടെ ഇന്ത്യയിലെ ആദ്യ സത്യഗ്രഹം -ചമ്പാരൻ സത്യഗ്രഹം (1917)
17. അലി സഹോദരന്മാർ എന്നറിയപ്പെട്ടിരുന്ന ദേശീയ നേതാക്കൾ -മൗലാനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി
18. മഹാത്മാഗാന്ധി ആദ്യമായി കേരളത്തിലെത്തിയത് (1920) എന്തിന്റെ പ്രചാരണാർഥം -ഖിലാഫത്ത് പ്രസ്ഥാനം

19. മഹാത്മാഗാന്ധിയുടെ ആത്മകഥയായ 'The story of my experiments with truth' ഗുജറാത്തി ഭാഷയിൽനിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയ വ്യക്തി -മഹാദേവ ദേശായി (സ്വാതന്ത്ര്യസമര സേനാനിയും സാഹിത്യകാരനുമായ ഇദ്ദേഹം മഹാത്മാഗാന്ധിയുടെ പേഴ്സനൽ സെക്രട്ടറിയെന്ന നിലയിൽ പ്രശസ്തനായി)
20. മഹാത്മാഗാന്ധി അധ്യക്ഷത വഹിച്ച കോൺഗ്രസ് സമ്മേളനം -ബെൽഗാം സമ്മേളനം (1924)
21. സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണെന്ന് പ്രഖ്യാപിച്ച സ്വാതന്ത്ര്യസമര നേതാവ് -ബാലഗംഗാധര തിലകൻ
22. കോൺഗ്രസ് പ്രസിഡന്റായ ആദ്യ വനിത -ആനി ബസന്റ് (1917)
23. 'ഇന്ത്യ ഇന്ത്യക്കാർക്ക്' എന്ന മുദ്രാവാക്യം ആദ്യം ഉയർത്തിയ വ്യക്തി -സ്വാമി ദയാനന്ദ സരസ്വതി

# SACHIN TENDULKAR




# SACHIN TENDULKAR

Sachin Ramesh Tendulkar, born 24 April 1973) is an Indian former international cricketer who captained the Indian national team. He is widely regarded as one of the greatest batsmen in the history of cricket.[4] Hailed as the world's most prolific batsman of all time, he is the all-time highest run-scorer in both ODI and Test cricket with more than 18,000 runs and 15,000 runs, respectively.[5] He also holds the record for receiving the most player of the match awards in international cricket.[6] Tendulkar was a Member of Parliament, Rajya Sabha by nomination from 2012 to 2018.[7][8] Tendulkar took up cricket at the age of eleven, made his Test match debut on 15 November 1989 against Pakistan in Karachi at the age of sixteen, and went on to represent Mumbai domestically and India internationally for over 24 years.[9] In 2002, halfway through his career, Wisden ranked him the second-greatest Test batsman of all time, behind Don Bradman, and the second-greatest ODI batsman of all time, behind Viv Richards.[10] The same year, Tendulkar was a part of the team that was one of the joint-winners of the 2002 ICC Champions Trophy. Later in his career, Tendulkar was part of the Indian team that won the 2011 Cricket World Cup, his first win in six World Cup appearances for India.[11] He had previously been named "Player of the Tournament" at the 2003 World Cup.

# പുകവലി ചീത്തയാണ്

ഒരു കൊച്ചു ബാലിക ഒരിക്കൽ ഗാന്ധിജിയുടെ കയ്യൊപ്പിനായി അദ്ദേഹത്തെ സമീപിച്ചു. ''ഒരൊപ്പിന് പത്ത് രൂപയാകും.'' ബാപ്പൂജി ചിരിച്ചുകൊണ്ടു പറഞ്ഞു. സമരഫണ്ടിലേക്ക് സംഭാവനയായി ഗാന്ധിജിക്ക് പത്ത് രൂപ നോട്ട് കയ്യിൽകരുതിയിരുന്നു. അതവൾ അദ്ദേഹത്തെ ഏൽപിച്ചു. ബാപ്പൂജി അത് വാങ്ങി അവളുടെ പുസ്തകത്താളിൽ ഒപ്പിട്ടു നൽകി. എന്നാൽ ആ ബാലിക തൃപ്തയായില്ല. അവൾ പറഞ്ഞു: "ബാപ്പൂജി, വെറുതേ ഒരൊപ്പു പോരാ.അങ്ങയുടെ രണ്ടു വാക്കും കൂടി വേണം." അദ്ദേഹം ചോദിച്ചു. "കുട്ടി,നിന്റെ അച്ഛനെന്താണ് ജോലി? "അച്ഛനു പുകയില കച്ചവടമാണ്" ബാപ്പൂജി അവളുടെ പുസ്തകത്തിൽ ഇങ്ങനെ കുറിച്ചു.. "പുകവലി ചീത്തയാണ്."



# കുട്ടികളിലെ ലഹരി ആസക്തി

അരുതെന്ന് പറയുന്നതെന്തും അറിയാനുള്ള കൗതുകം സിരകളിൽ നിറയുന്ന കാലമാണ് കൗമാരം. കൗമാരം ജനിക്കുമ്പോൾ ഈ അവസ്ഥയിലേക്കെത്തുന്നു. കുട്ടിയായും മുതിർന്നവനായും ആരും പരിഗണിക്കാത്തപ്പോൾ സ്വയം ഏതെങ്കിലും ഒന്നായി മാറാൻ ദാഹിക്കുകയാണ് കൗമാരത്തിൽ കുട്ടികൾ. ഈ അവസ്ഥയിൽ ഉണ്ടാകുന്ന ഓരോ നിസ്സാര പിഴവും പിന്നീട് വലിയ തെറ്റുകളായി ജീവിതത്തെ പിൻതുടരും. അതിൽ മിക്കതും ലഹരി തന്നെയാണ്. ഉപയോഗിച്ചു തുടങ്ങിയാൽ തിരിച്ചുവരാനാകാതെ ഒരു ശക്തി അവരെ തടയുന്നു. കുട്ടികൾ ലഹരിയിലേക്കു തിരിയാതിരിക്കാൻ നിരന്തര ശ്രദ്ധ രക്ഷിതാക്കളുടെ ഭാഗത്തു നിന്നുണ്ടാകണം. നമുക്കു വേണ്ടത് ആസക്തിയുടെ കൗമാരമല്ല. യുവത്വത്തെ വരവേൽക്കാൻ ചുറുചുറുക്കോടെ നിൽക്കുന്നവരെയാണ്.




# പാവം പാവം ചാരൻ

എസ് എൽ എം മനേക് ലാൽ ഒരു ഇന്ത്യൻ ബിസിനസ് സ്ഥാപനമായിരുന്നു . 1948ൽ സ്ഥാപിതമായ ടി മനേക് ലാൽ എന്ന കമ്പനി എൻജിനീയറിംഗ് ,കയറ്റുമതി തുടങ്ങിയ മേഖലകളിൽ തിളങ്ങി . നിരവധി വിദേശരാജ്യങ്ങളുമായി ബിസിനസ് നടത്തിയിരുന്ന കമ്പനി 1977 ലാണ് സ്വിസ്സ്ലോക്കോമോട്ടീവ് ആൻഡ് മെഷീൻ വർക്സ് അഥവാ എസ് എൽ എം എന്ന കമ്പനിയുമായി ചേർന്ന് എസ് എൽ എം മനേക് ലാൽ എന്ന പേരു സ്വീകരിച്ചത് . 1983-84 കാലത്ത് ഇരുപത്തി നാലു കോടിയുടെ വിറ്റുവരവു വരെ നേടിയ ഈ കമ്പനിക്ക് സോവിയറ്റ് യൂണിയൻ,ബൾഗേറിയ , ചെക്കോസ്ലോവാക്യ,ഫ്രാൻസ് ,ഓസ്ട്രിയ ,സ്വിറ്റ്സർലാഡ് , പശ്ചിമ ജർമനി ,ജപ്പാൻ എന്നീ രാജ്യങ്ങളുമായി ബിസിനസ് ബന്ധങ്ങളുമുണ്ടായിരുന്നു .

ഈ കമ്പിയുടെ ഡൽഹിയിലെ റീജിയണൽ മാനേജരായിരുന്ന ചിറ്റർ വെങ്കെട് നാരായൺ എന്നൊരാളെ ഒരു ദിവസം സ്വന്തം ഓഫീസിൽനിന്നു കാണാതായി . ഇന്ത്യൻ ബിസിനസ് രംഗത്തെയും ഞെട്ടിച്ചു കളഞ്ഞ ഒരു ചാരവൃത്തിയുടെ കഥകളുടെ തുടക്കമായിരുന്നു ആ കാണാതാകൽ!

പാലക്കാടുള്ള ഒരു ഗ്രാമത്തിലായിരുന്നു നാരായണന്റെ തറവാട് . മുത്തച്ഛന്റെ കാലത്തു തന്നെ സ്ഥലവും വീടും വിറ്റ് ആ കുടുംബം ചെന്നൈയിലേക്ക് പോയി.

# നാലപ്പാട്ട് നാരായണമേനോന്
# (1887-1954)



പ്രശസ്തനായ ഒരു മലയാളസാഹിത്യകാരനായിരുന്നു നാലപ്പാട്ട് നാരായണമേനോൻ (ജീവിതകാലം: 1887 ഒക്ടോബർ 7 - 1954 ഒക്ടോബർ 31). വിവർത്തനം, കവിതാരചന തുടങ്ങിയ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. വള്ളത്തോൾ പാരമ്പര്യത്തിൽ പെട്ട കവിയിൽ നിന്ന് നാരായണ മേനോൻ ദാർശനിക കവിയായി, തത്ത്വചിന്തകനായി, വിലാപകാവ്യകാരനായി, വിവർത്തകനായി, ആർഷജ്ഞാനിയായി പിന്നെ ലൈംഗിക ശാസ്ത്രാവബോധകനായി. ആർഷജ്ഞാനത്തിന്റെയും രതിലോകത്തിന്റെയും വഴികൾ ആവിഷ്കരിക്കുക തുടങ്ങി വ്യത്യസ്തങ്ങളായ വഴികളിലൂടെ യാത്ര ചെയ്ത് സമഗ്രമായൊരു ജീവിതസങ്കൽപം സാക്ഷാത്കരിച്ച വ്യക്തിയായിരുന്നു നാലപ്പാട്ട് നാരായണമേനോൻ. മലയാള കവിതയിലെ ഭാവഗീതപ്രസ്ഥാനത്തെ വികസിപ്പിച്ചതിൽ നാലപ്പാടൻ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മനുഷ്യാവസ്ഥകളുടെ മിക്കവാറും മേഖലകളിലും അദ്ദേഹം രചനകൾ നടത്തി. ഓരോ വിഷയത്തിലും ഓരോ പുസ്തകമേ എഴുതിയിട്ടുള്ളൂ എങ്കിലും എഴുതിയവയൊക്കെ ബൃഹദ്ഗ്രന്ഥങ്ങളായിരുന്നു.

മലയാളിയുടെ ഭാവുകത്വത്തിന് വികാസം പകർന്ന എഴുത്തുകാരനായിരുന്നു നാലപ്പാട്ട് നാരായണമേനോൻ. വളരെ കുറച്ചേ എഴുതിയിട്ടുള്ളൂവെങ്കിലും മലയാള സാഹിത്യത്തിൽ അദ്ദേഹത്തിന് വളരെ വലിയൊരു സ്ഥാനമാണുള്ളത്.വിക്ടർ യുഗോവിന്റെ 'പാവങ്ങൾ' എന്ന ഫ്രഞ്ച് നോവൽ ആദ്യമായി വിവർത്തനം ചെയ്തത് അദ്ദേഹമാണ്

# നന്ദിയുടെ ഒരുവാക്ക്

പ്രിയപ്പെട്ടവരേ,

ഞങ്ങൾ വർണ്ണചിറകുകൾ കൊണ്ട് ഉയരങ്ങളിലേക്ക് പറക്കാൻ ശ്രമിക്കുന്നവരാണ്. ഈ വഴികളിൽ പരാജയങ്ങൾ സംഭവിക്കാം. മുന്നേറാം ഈ വർണ്ണചിറകുകൾ എന്ന മാഗസിൻ നിങ്ങൾ എഴുതിയ ഈ സൃഷ്ടികൾ എല്ലാവരും വായിച്ച് ഒരു വർണ്ണചിറക് ആയി ഞങ്ങൾ പാറിപറക്കട്ടെ.....

ഈ  വർണ്ണചിറകുകൾ എന്ന മാഗസിൻ എഴുതിപൂർത്തിയാക്കാൻ സഹായിച്ച എന്റെ  പ്രിയപ്പെട്ട അധ്യാപകർക്കും കൂട്ടുകാർക്കും നന്ദി അറിയിക്കുന്നു.



# ശുഭം